بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 31.07.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 31.07.15 ന് ബൈത്തുൽ ഫുതുഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**‘നിങ്ങൾ ഭക്തിയും പരിശുദ്ധിയും നിങ്ങളുടെ ഉള്ളിലുണ്ടാക്കുകയും ദുആകളുടേയും ദൈവസ്മരണകളുടേയും ശീലം വളർത്തുകയും തഹജ്ജുദും സ്വലാത്തും സ്ഥിരമായിട്ടു നിർവഹിക്കുകയും ചെയ്താൽ അല്ലാഹു തീർച്ചയായും നിങ്ങളേയും സത്യമായ സ്വപ്നങ്ങളിലും ജാഗ്രദർശനങ്ങളിലും ഭാഗഭാക്കാക്കുന്നതാണ്. അല്ലാഹു തന്റെ ഇൽഹാമുകൊണ്ടും വചനം കൊണ്ടും ധന്യമാക്കുന്നതാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യ ദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഒരു ആഫ്രിക്കൻ മൗലവി പ്രായമുള്ള ആളുകളെ ചെറിയ തെറ്റിന് വടികൊണ്ടടിച്ചടിച്ച് വിശുദ്ധ ഖുർആൻ പഠിപ്പി ക്കുന്ന ചെറിയ വീഡിയോ ദൃശ്യം കഴിഞ്ഞ ദിവസം ആരോ കാണിക്കുകയുണ്ടായി. ഇതിന്റെ ഫലം വിശുദ്ധ ഖുർആൻ പഠിക്കുന്നതിൽനിന്ന് ജനങ്ങൾ ഓടിപ്പോകുന്നുവെന്നതാ ണ്. ഇക്കാരണത്താലാണ് അനറബികളായ മുസ്ലിംക ളിൽ അധികം പേർക്കും വിശുദ്ധ ഖുർആൻ ഓതാൻ അറിയാ ത്തത്. അതിനാൽ വിശുദ്ധ ഖുർആൻ പഠിക്കണമെങ്കിൽ അതിനോടു താൽപര്യവും അഭിരുചിയും സ്നേഹവും ഉണ്ടാകുന്ന മാർഗങ്ങൾ അവലംബിക്കേണ്ടതാണ്. കഴിഞ്ഞ ദിവസം ഇവിടെ താമസിക്കുന്ന ഒരു ജപ്പാൻകാരി എന്നെ കാണാൻ വന്നിരുന്നു. അവർ കുറച്ചു മുമ്പേ ബയ്അത്ത് ചെയ്തതാണ്. മൂന്നു വർഷം കൊണ്ട് അല്ലാഹുവിന്റെ അനു ഗ്രഹത്താൽ വിശുദ്ധ ഖുർആൻ ഓതിത്തീർത്തുവെന്ന് അവർ പറഞ്ഞു. അവർ കുറച്ചു ഭാഗം കേൾപിക്കാനും ആഗ്ര ഹിച്ചു. ശരി! കേൾപിക്കുക എന്ന് ഞാൻ പറഞ്ഞു. അവർ ആയത്തുൽ കുർസി, അതിൽ ലയിച്ചുകൊണ്ട് ഓതിയ പ്പോൾ അത്ഭുതം തോന്നി. വിശുദ്ധ ഖുർആനെ സ്നേഹി ച്ചും അതിൽ ലയിച്ചും പാരായണം ചെയ്യുക എന്നതാണ് യഥാർഥ കാര്യം. ഖാരികളെപ്പോലെ തൊണ്ടക്കുഴിയിൽ നിന്ന് ശബ്ദം പുറപ്പെടുവിച്ച്, പ്രദർശിപ്പിക്കാൻ വേണ്ടിയുള്ള പാരായണമല്ല ഉദ്ദേശ്യം. അല്ലാഹു തർത്തീലോടുകൂടി-മ നോഹരമായ ഈണത്തോടുകൂടി പാരായണം ചെയ്യാനാണ് കല്പിച്ചിട്ടുള്ളത്. നിറുത്തി നിറുത്തി ഉച്ചാരണശുദ്ധിയോ ടുകൂടി പാരായണം ചെയ്യുക. നമുക്കു അറബികളെ പോലെ വാക്കുകൾ ഉച്ചരിക്കാൻ കഴിയുമെന്ന് പറഞ്ഞാൽ അത് ദുഷ്കരമാണ്. അറബികളുടെ ഇടയിൽ പഠിച്ചു വളർന്നവർ ക്കല്ലാതെ ചില അക്ഷരങ്ങളുടെ ഉച്ചാരണം അനറബികൾക്ക് സാധ്യമല്ല. ഏതായാലും യഥാർഥ കാര്യം അല്ലാഹുവിന്റെ ഗ്രന്ഥത്തോടുള്ള സ്നേഹമാണ്. അത് കഴിയുന്നിടത്തോളം ശരിയായ നിലയിൽ നിറവേറ്റണ്ടതാണ്. അതിനു ശ്രമിക്കേ ണ്ടതാണ്. അല്ലാതെ ഖാരിയാവുകയല്ല. പ്രദർശനത്തി ന്നായി മത്സരത്തിൽ പങ്കെടുക്കുകയുമല്ല. അല്ലാഹുവി ന്റേയും അവന്റെ റസൂലിന്റെയും സ്നേഹ ദൃഷ്ടി **അശ്ഹദു** എന്നതിനു പകരം ബിലാലിന്റെ **അസ്ഹദു**വിലായിരുന്നു ഉണ്ടായിരുന്നത്. അതിനോടു മത്സരിക്കാൻ അറബിക്കോ ഖാരിക്കോ സാധ്യമല്ല.

ഭൂരിഭാഗം മുസ്ലിംകളും ഞാൻ പറഞ്ഞതുപോലെ, വിശു ദ്ധ ഖുർആൻ അറിയാത്തവരാണ്. ആഫ്രിക്കയിൽ നമ്മുടെ മുബല്ലിഗീംകൾക്ക് ഖായിദ മുതലേ പഠിപ്പിക്കേണ്ടിവരുന്നു. അവരേയും വിശുദ്ധ ഖുർആൻ പഠിപ്പിക്കേണ്ടതുണ്ട്. അതു കൊണ്ട് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്ന ഉസ്താദുമാർ വിശുദ്ധഖുർആൻ പഠിക്കുന്നതിന് താൽപര്യമുണ്ടാകുന്ന മാർഗം സ്വീകരിച്ച് പഠിപ്പിക്കേണ്ടതാണ്. ഈ ജപ്പാൻകാരി യെ വിശുദ്ധ ഖുർആൻ പഠിപ്പിച്ച സ്ത്രീക്കും അല്ലാഹു പ്രതി ഫലം നല്കുമാറാകട്ടെ. അവർ പഠിപ്പിക്കുക മാത്രമല്ല വിശു ദ്ധഖുർആനോടു അവർക്ക് സ്നേഹവുമുണ്ടാക്കി.

അതുകൊണ്ട് യഥാർഥ കാര്യം ഖാരിയെപ്പോലെ പാരാ യണമല്ല. അതുപോലെ വാക്കുകൾ ഉച്ചരിക്കാൻ കഴിയാ ത്തതുകൊണ്ട് വിശുദ്ധ ഖുർആൻ ഓതുകയില്ല എന്ന് വിചാ രിക്കാൻ പാടില്ല. വിശുദ്ധഖുർആൻ പാരായണം ചെയ്യേ ണ്ടത് നിർബന്ധമാണ്. അത് നന്നാക്കാൻ വേണ്ടി പരിശ്രമി ക്കേണ്ടതുമാണ്. എന്നാൽ, ചില വാക്കുകൾ ഉച്ചരിക്കാൻ കഴിയില്ലന്നോ പ്രയാസമാണെന്നോ കരുതി പാരായണം ചെയ്യാതിരിക്കാൻ പാടില്ല. നിത്യവും ഖുർആൻ പാരായണം ചെയ്യുന്നതിലേക്ക് എല്ലാ അഹ്മദികളും ശ്രദ്ധിക്കേണ്ടതാണ്. അതേ, എത്രത്തോളം അതിനോടുള്ള കൂറു പുലർത്തി ക്കൊണ്ട് പാരായണം ചെയ്യാൻ കഴിയുമോ പാരായണം ചെ യ്യേണ്ടതാണ്. അത് മെച്ചപ്പെടുത്താനും ശ്രമിക്കേണ്ടതാണ്.

ഒരു അറബി ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ കാണാൻ വന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) സംസാ രത്തിന്നിടയിൽ രണ്ടു മൂന്നു പ്രാവശ്യം ‘ള്ളാദ്’ ഉപയോഗിച്ചു. അപ്പോൾ അയാൾ പറഞ്ഞു: ‘ള്ളാദ്’ പോലും ഉച്ചരിക്കാൻ അറിയാത്ത താങ്കളെങ്ങനെയാണ് മസീഹ് മൗഊദാകുക? ആ അറബി വളരെ മോശമായിട്ടാണ് പെരുമാറിയത്. അറബി പറഞ്ഞു, അറബി ഭാഷ സംസാരിക്കുന്ന ഞങ്ങൾ ‘ള്ളാദ്’ എന്നാണ് ഉച്ചരിക്കുന്നത്. ഇന്ത്യക്കാർക്ക് അത് ഉച്ചരിക്കാൻ കഴിയുകയില്ല.

അറബികളായ അഹ്മദികളും ഇക്കാര്യം മുന്നിൽ വെക്കേ ണ്ടതാണ്. പൊതുവെ ഭൂരിഭാഗവും ഇക്കാര്യം മനസ്സിലാ ക്കുന്നവരാണ്. പക്ഷേ, ചിലരുടെ സ്വഭാവങ്ങളിൽ കുറച്ച് പൊ ങ്ങച്ചത്തിന്റെ അവസ്ഥയും ഉണ്ടാകുന്നു. ഇസ്ലാമിൽ എല്ലാ ജനതകളുടേയും ഹൃദയങ്ങൾ ജയിച്ചടക്കി, അവരെ അല്ലാ ഹുവിന്റെ ഗ്രന്ഥത്തെ പരിചയപ്പെടുത്തുക മാത്രമല്ല അതു പാരായണം ചെയ്യുന്നതിനുവേണ്ടി, അവരുടെ മനസ്സുകളിൽ സ്നേഹവും ഉണ്ടാക്കേണ്ടതാണ്. എല്ലാ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം ശൈലിയാണുണ്ടാകാറുള്ളത്. എല്ലാ

ഓരോരുത്തരും വിശുദ്ധ ഖുർആനോടുള്ള സ്നേഹം കാരണത്താൽ അത് നല്ല രീതിയിൽ ഓതാൻ ശ്രമിക്കാറുണ്ട്. അങ്ങനെ ശ്രമിക്കുകയും വേണ്ടതാണ്. തീർച്ചയായും തർത്തീൽ (ശരിയായ രാഗം) ശ്രദ്ധിക്കേണ്ടതാണ്. ശരിയായ ഉച്ചാരണ ശുദ്ധിയോടെ ഖുർആൻ പാരായണം അറിയുന്നവർ, പുതിയതായി ഇസ്ലാമിലേക്കു വരുന്നവരെ ഇക്കാര്യത്തിൽ സഹായിക്കേണ്ടതുമാണ്. പക്ഷേ, പരിഹസിക്കാൻ ആർക്കും അവകാശമില്ല.

എങ്ങനെ നമുക്കു നമ്മുടെ അവസ്ഥകളെ ശരിയാക്കാം? എങ്ങനെയാണ് ഈമാനിൽ വർധനയുണ്ടാക്കേണ്ടതാണ്? എങ്ങനെയാണ് അല്ലാഹുവുമായി ബന്ധമുണ്ടാക്കാൻ കഴിയുക? തുടങ്ങിയ കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചും ജമാഅത്തിനെ ഉപദേശിച്ചുംകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഒരവസരത്തിൽ പറഞ്ഞു: 'നിങ്ങൾ ഭക്തിയും പരിശുദ്ധിയും നിങ്ങളുടെ ഉള്ളിലുണ്ടാക്കുകയും ദുആകളുടേയും ദൈവസ്മരണകളുടേയും ശീലം വളർത്തുകയും തഹജ്ജുദും സ്വലാത്തും സ്ഥിരമായിട്ടു നിർവഹിക്കുകയും ചെയ്താൽ അല്ലാഹു തീർച്ചയായും നിങ്ങളേയും സത്യമായ സ്വപ്നങ്ങളിലും ജാഗ്ര ദർശനങ്ങളിലും ഭാഗഭാക്കാക്കുന്നതാണ്. അല്ലാഹു തന്റെ ഇൽഹാമുകൊണ്ടും വചനം കൊണ്ടും ധന്യമാക്കുന്നതാണ്. യഥാർഥവും ജീവസുറ്റതുമായ മുഅ്ജിസത്ത്(അമാനുഷികമായ അനുഭവം) മനുഷ്യന്റെ സ്വന്തം സത്തയിൽ പ്രകടമാകുന്നതാണ്. ഹദ്റത്ത് ഇബ്റാഹീം (അ)ന്റെ മുഅ്ജിസത്തും വലിയതുതന്നെ. ഹദ്റത്ത് മൂസാ (അ)ന്റെ മുഅ്ജിസത്തും വലിയതുതന്നെ. ഹദ്റത്ത് ഈസാ (അ)ന്റെ മുഅ്ജിസത്തും വലിയതുതന്നെ. ഇതിലൊന്നും ഒരു സംശയവുമില്ല. എന്നാൽ, മനുഷ്യന്റെ വ്യക്തിപരമായ കാര്യം വരുമ്പോൾ, അവന് തന്റെ സത്തയിൽ കാണുന്ന മുഅ്ജിസത്താണ് വലുതായിരിക്കുക. ഇക്കാലത്തും ജനങ്ങൾ ഇതേ ചോദ്യം ചോദിക്കാറുണ്ട്. മുഅ്ജിസത്ത് കാണണമെങ്കിൽ അല്ലാഹുവുമായിട്ടുള്ള ബന്ധം ഉണ്ടാക്കേണ്ടതും നിർബന്ധമാണ്. ഈമാനിൽ വർധനവിന്റേയും വ്യക്തിഗതമായ അടയാളത്തിന്റേയും ഉദാഹരണം നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഹദ്റത്ത് സാഹിബ് സാദ അബ്ദുല്ലത്തീഫ് ശഹീദ് സാഹിബിനെ സ്മരിച്ചുകൊണ്ടുപറയുന്നു. സാഹിബ് സാദ അബ്ദുല്ലത്തീഫ് സാഹിബ് ശഹീദിനെ നോക്കുക. അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിക്കുകയും ഖാദിയാനിൽ കുറച്ചുനാൾ താമസിച്ചതിനുശേഷം കാബൂളിലേക്ക് മടങ്ങിപ്പോകുകയും ചെയ്തപ്പോൾ, അവിടെ ഗവർണർ അദ്ദേഹത്തെ വിളിച്ചു. തൗബ ചെയ്യാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'ഞാനെങ്ങനെ തൗബ ചെയ്യാനാണ്. ഞാൻ ഖാദിയാനിൽനിന്ന് പുറപ്പെട്ട ഉടനെ എന്നിൽ വിലങ്ങുകൾ വീണു കിടക്കുന്നതായി സ്വപ്നത്തിൽ കണ്ടിരുന്നു. ഈ വഴിയിൽ നിനക്ക് വിലങ്ങുകൾ അണിയേണ്ടിവരുമെന്ന് അല്ലാഹു പറഞ്ഞിട്ടുള്ള സ്ഥിതിക്ക് ഇപ്പോൾ ആ വിലങ്ങുകൾ അഴിച്ചു വെക്കാൻ എങ്ങനെയാണ് ഞാൻ ശ്രമിക്കുക. എന്റെ റബ്ബ് പറഞ്ഞ കാര്യം പൂർത്തിയാകാൻ ഈ വിലങ്ങുകൾ എന്റെ കൈകളിൽ കിടക്കേണ്ടതു തന്നെയാണ്.' ഇനി നോക്കുക! അദ്ദേഹത്തിന് ഈ ഉറപ്പും ദൃഢതയുമുണ്ടായത് അദ്ദേഹം സ്വയം ഒരു സ്വപ്നം കണ്ടതുകൊണ്ടാണ്. ഇതുപോലെ എത്ര അറിവുകുറഞ്ഞ ആളാണെങ്കിലും, അയാൾ ഏതെങ്കിലും സ്വപ്നം കണ്ടാൽ, ഭീരുത്വംകൊണ്ട് അതിനെ മറച്ചുവച്ചാൽ ഒന്നും പറയാനില്ല! ഇല്ലെങ്കിൽ താൻ കണ്ട വ്യാജ സ്വപ്നത്തിലും അതിനേക്കാളേറെ വിശ്വാസമുണ്ടാകുന്നു.

മനുഷ്യന്റെ ഈമാൻ ദൃഢതരവും അല്ലാഹുവുമായി ബന്ധമുള്ളതുമാണെങ്കിൽ അവൻ ഭൗതികരെ ഭയപ്പെടുകയില്ല. ഇതിന് മറ്റൊരു ഉദാഹരണം നൽകിക്കൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു: 'ഹദ്റത്ത് സൂഫി അഹ്മദ്ജാൻ സാഹിബ് ലുധിയാനവി വലിയൊരു പുണ്യാത്മാവായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ നല്ല മനുഷ്യരിൽ പെട്ടയാളായിരുന്നു. തനിക്കുവേണ്ടി ജമ്മുവിൽ വന്ന് ദുആ ചെയ്യുന്നതിന് ഒരിക്കൽ ജമ്മു മഹാരാജാവ് അദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹം അത് നിരസിച്ചു. താങ്കൾ ദുആ ചെയ്യിക്കാനാഗ്രഹിക്കുന്നെങ്കിൽ ഇവിടെ എന്റെ അടുത്ത് വരിക, ഞാനെന്തിന് അങ്ങോട്ടു വരണം എന്ന് പറഞ്ഞയച്ചു.

അല്ലാഹുവിനോടു ബന്ധമുള്ളയാൾ വലിയ ആളുകളെയൊന്നും ഭയപ്പെടുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ആദ്യം ആളുകൾക്ക് എത്രമാത്രം വിശ്വാസമായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ വാദത്തിനുശേഷം എന്തവസ്ഥയായി? ഇതു വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു: 'നോക്കുക! ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥത്തിനുണ്ടായ വിഖ്യാതി മുന്നിൽവെച്ചുകൊണ്ട് നമുക്ക് പറയാൻ കഴിയും, ലക്ഷക്കണക്കിന് ആളുകൾ അദ്ദേഹത്തോടു മത വിശ്വാസം വെച്ചു പുലർത്തിയിരുന്നുവെന്ന്. എന്നാൽ, അദ്ദേഹം വാദിച്ചപ്പോൾ, വലിയ വലിയ ആത്മാർഥത കാണിച്ചിരുന്നവർ അദ്ദേഹത്തിൽ നിന്ന് വേറിട്ടു പോയി. അവർ പറയാൻ തുടങ്ങി: ആരെയാണോ ഞങ്ങൾ സ്വർണമെന്ന് കരുതിയിരുന്നത് അഹോ കഷ്ടം അത് പിച്ചളയായിരുന്നു. ഇത്തരത്തിലുള്ള ലക്ഷക്കണക്കിനാളുകൾ പെട്ടെന്ന് ദുഷ്ടചിന്താഗതിക്കാരായിത്തീർന്നു. അദ്ദേഹം ബയ്അത്തിന്റെ വിളംബരം ചെയ്തപ്പോൾ ആദ്യ വിവസം വെറും 40 ആളുകളായിരുന്നു ബയ്അത്ത് ചെയ്തത്.'

ഇപ്പോഴും നാമമാത്രമായ വിവിധ ഇസ്ലാമിക ചാനലുകൾ ഇതു സംബന്ധമായി വലിയ ചർചകൾ നടത്താറുണ്ട്. സേവനം ചെയ്തു. അന്ന് അദ്ദേഹത്തിന്റെ ആവശ്യമുണ്ടായിരുന്നു. പക്ഷേ, പിന്നീട് നഊദുബില്ലാഹ് വ്യതിചലിച്ചു പോയി. യഥാർഥത്തിൽ ഇക്കൂട്ടർ മാനസികമായി ഇരുട്ടു ബാധിച്ചവരാണ്. അല്ലാഹു സ്വർണമാക്കിയ ആളെ ഇവർ പിച്ചളയായി മനസ്സിലാക്കുന്നു. അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യത്തിലേക്കു നോക്കുന്നതിനുപകരം, അവർ തങ്ങളുടെ ആത്മാവിന്റെ ഇരുട്ടുകളിൽ മുങ്ങിത്താണിരിക്കുകയാണ്. അറിവില്ലാത്ത മുസ്ലിംകളേയും വഴി തെറ്റിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹു അവർക്കു ബുദ്ധി നല്കുമാറാകട്ടെ.

ഒരിക്കൽ ലുധിയാനയിലെ 'ദാറുൽ ബയ്ത്തിനെ' സംബന്ധിച്ച് ചർച്ചയുണ്ടായി. 1931 ലെ ഒരു ശൂറയിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) അവിടെ പ്രതിനിധികളോടു പറഞ്ഞു: 'എന്റെ അഭിപ്രായത്തിൽ ഇതുവളരെ പ്രധാനപ്പെട്ട കാര്യമാണ്. അതായത് ലുധിയാനയിലെ ദാറുൽ ബയ്ത്തിന്റെ കാര്യം. ഹദ്റത്ത് മസീഹ് മൗഊദ് (അ) അതെടുത്തു പറഞ്ഞിട്ടുണ്ട്. എന്നല്ല ലുധിയാനയെ 'ബാബുലുദ്ദ്' എന്ന് പറഞ്ഞിരിക്കുന്നു. ദജ്ജാലിനെ അവിടെ വെച്ചു കൊല്ലുമെന്നാണല്ലോ പ്രവചനമുള്ളത്. ശത്രുക്കൾ നശിച്ച ആ സ്ഥല

ത്ത് ദജ്ജാലിന്റെ അവസാനവും ഉണ്ടാകും. ഖാദിയാനിൽ നിന്ന് ആ സ്ഥലത്താണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ബയ്അത്ത് വാങ്ങാൻ പോയത്. ഈ സ്ഥലത്തെ കുറിച്ച് ജമാഅത്തിന് പ്രത്യേകമായിട്ടുള്ള അറിവുണ്ടാകണം. ഹദ്റത്ത് ഖലീഫ അവ്വൽ (റ)ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ബയ്അത്ത് വാങ്ങാൻ അപേക്ഷിച്ചപ്പോൾ അവിടന്ന് പറഞ്ഞു: 'ഇവിടെ വെച്ച് ബയ്അത്ത് വാങ്ങുകയില്ല.' പിന്നീട് ലുധിയാനയിൽവച്ച് ബയ്അത്ത് വാങ്ങി. അവിടെത്തെ പരേതനായ പീർ അഹ്മദ്ജാൻ സാഹിബ്, അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വാദത്തിനുമുമ്പേ വഫാത്തായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാദത്തിനു മുമ്പേ അദ്ദേഹത്തിൽ വിശ്വസിക്കാൻ ഭാഗ്യം സിദ്ധിച്ചവരിൽ പെട്ടയാളായിരുന്നു, മുമ്പേ വിവരിച്ചതുപോലെ തന്റെ വഫാത്ത് നേരത്ത് കുടുംബക്കാരെയെല്ലാം ഒരുമിച്ചു കൂട്ടിക്കൊണ്ടു പറഞ്ഞു: ഹദ്റത്ത് മിർസാ സാഹിബ് മസീഹിയ്യത്തിന്റെ വാദം പുറപ്പെടുവിക്കും. നിങ്ങളെല്ലാവരും അദ്ദേഹത്തിൽ വിശ്വസിക്കണം. അങ്ങനെ ഈ കുടുംബം മുഴുവൻ വിശ്വസിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)പറയുന്നു: ഈ സ്ഥലത്തിന് പ്രത്യേകമായ നിലയിൽ പ്ലാനുണ്ടാക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നു. ബയ്അത്ത് വാങ്ങിയ സ്ഥലം പ്രത്യേകമായിട്ട് അടയാളപ്പെടുത്തണം. ആ അവസരത്തിൽ അവിടെ ജൽസ നടത്തണം. നാല്പത് ആളുകളിൽ നിന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ)ആ സ്ഥലത്തുവച്ച് ബയ്അത്ത് വാങ്ങിയിരുന്നു. അവരുടെയെല്ലാം പേര് ആ സ്ഥലത്ത് എഴുതിവെക്കണം.' ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ലുധിയാനയിലെ വീട് ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ കൈവശമാണ്. അവിടെ ജമാഅത്ത് എത്രത്തോളം പ്രവർത്തിച്ചു?എന്താണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്? അതൊന്നും ഇപ്പോൾ എന്റെ കൈയിലില്ല. ഇതിന്റെ രേഖകൾ എന്തായാലും അറിയാൻ കഴിയും. ഈ സ്മാരകത്തെ, സ്മാരകമാക്കുന്നതിനുവേണ്ടിയുള്ള ശ്രമം എന്തായാലും നടന്നു വരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു സ്വഹാബിയുടെ സ്നേഹത്തേയും കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: 'മിയാ അബ്ദുല്ലാഹ് സാഹിബ് സൻവരിയും (റ) ഇത്തരത്തിലുള്ള സ്നേഹമായിരുന്നു വെച്ചുപുലർത്തിയത്. ഒരിക്കൽ അദ്ദേഹം ഖാദിയാനിൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തെക്കൊണ്ട് എന്തോ ജോലി ചെയ്യിക്കുകയായിരുന്നു. ഹദ്റത്ത് മിയാ അബ്ദുല്ലാഹ് സാഹിബ് സൻവരിയുടെ അവധി തീർന്നപ്പോൾ, അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദിനോട് മടങ്ങിപ്പോകാൻ അനുവാദം ചോദിച്ചു. ഇപ്പോൾ പോകണ്ട, ഇവിടെ നില്ക്കുക എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. അങ്ങനെ അദ്ദേഹം കൂടുതൽ അവധിക്കായി അപേക്ഷ അയച്ചു. എന്നാൽ, ഡിപ്പാർട്ടുമെന്റിൽ നിന്ന് മറുപടി വന്നത് കൂടുതൽ അവധി കിട്ടുകയില്ലെന്നായിരുന്നു. ഇക്കാര്യം അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടു പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'ഇവിടെ നില്ക്കുക.' അങ്ങനെ തനിക്കു ഇപ്പോൾ വരാൻ പറ്റുകയില്ലെന്ന് അദ്ദേഹം എഴുതിയറിയിച്ചു. അപ്പോൾ ഓഫീസ് അധികൃതർ അദ്ദേഹത്തെ ഡിസ്മിസ് ചെയ്തു. സർക്കാർ ഓഫീസായിരുന്നു. നാലോ അഞ്ചോ മാസം എത്രകാലമാണോ അദ്ദേഹത്തിനോടു ഇവിടെ നില്ക്കാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് അദ്ദേഹം ഇവിടെ നിന്നു. പിന്നീട് അദ്ദേഹം തിരിച്ചു ചെന്നപ്പോൾ ഓഫീസ് അധികൃതർ ഈ പ്രശ്നം പൊക്കി. അദ്ദേഹത്തെ ഡിസ്മിസ് ചെയ്ത ഓഫീസർക്ക് അതിനുള്ള അധികാരമില്ലെന്ന് അവർ പറഞ്ഞു. അങ്ങനെ അദ്ദേഹം വീണ്ടും ജോലിയിൽ പ്രവേശിച്ചു. ഖാദിയാനിൽ ചെലവഴിച്ച കാലത്തുള്ള ശമ്പളവും അദ്ദേഹത്തിനു ലഭിച്ചു.

ഇപ്രകാരംതന്നെ മുൻശീ സഫ്ർ അഹ്മദ് സാഹിബ് കപൂർത്തലവിക്കു നേരിടേണ്ടി വന്ന ഒരു സംഭവത്തെകുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: ഞാൻ മുൻശീ സാഹിബിന്റെതന്നെ വാക്കുകളിൽ അതു വിവരിച്ചുതരാം. അദ്ദേഹം പറയുന്നു:'ഞാൻ ബോർഡിന്റെ തലവനാകുകയും വിചാരണക്കോടതിയിൽ ജോലി ചെയ്യുകയുമായിരുന്നപ്പോൾ ഒരിക്കൽ കേസുകെട്ടുകളെല്ലാമെടുത്ത് ഖാദിയാനിൽ വന്നു. മൂന്നാം ദിവസം മടങ്ങിപ്പോകാൻ അനുവാദം ചോദിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) കുറച്ചുകൂടി നില്ക്കാൻ പറഞ്ഞു. പിന്നീട് ചോദിക്കുന്നത് ശരിയെന്നു തോന്നിയില്ല. പോകാനാവുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വയം പറയുമെന്ന് കരുതി. അങ്ങനെ ഒരുമാസം കഴിഞ്ഞു. കേസുകെട്ടുകളെല്ലാം അവിടെ എന്റെ വീട്ടിലായിരുന്നു. ജോലിമുടങ്ങി. ദ്വേഷപ്പെട്ടുകൊണ്ടുള്ള കത്തുകൾ വരാൻ തുടങ്ങി. എന്നാൽ, ഇവിടെ എനിക്ക് ആ കത്തുകളെ സംബന്ധിച്ച് ഒന്നും തോന്നിയില്ല. പറയുന്നു; ഞാനെല്ലാം മറന്നു പോയിരുന്നു. കത്തുകൾ വന്നു. വന്നുകൊണ്ടിരുന്നു. ഹുദൂറിന്റെ സഹവാസത്തിൽ ജോലിക്കു പോകണമെന്ന ചിന്തപോലും ഇല്ലാത്തവിധം ഒരു നിർവൃതിയും ലയനവുമായിരുന്നു അത്. ചോദ്യം ചെയ്യപ്പെടുമെന്ന ഭയവുമുണ്ടായിരുന്നില്ല. അവസാനം അതികഠിനമായ കത്ത് അവിടെ നിന്ന് വന്നു. ഞാൻ ആ കത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മുമ്പിൽ വെച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) കത്തു വായിച്ചു. എന്നിട്ടു പറഞ്ഞു, 'എന്റെ വരവുണ്ടാകുകയില്ല, ഇപ്പോൾ എനിക്കു വരാൻ പറ്റില്ല' എന്നെഴുതുക. ഞാൻ അതേ വാക്യം എഴുതി അയച്ചു. അങ്ങനെ ഒരുമാസം വീണ്ടും കഴിഞ്ഞു. എത്ര ദിവസമായെന്ന് ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ) ചോദിച്ചു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്നെ എണ്ണിക്കണക്കാൻ തുടങ്ങി. എന്നിട്ടു പറഞ്ഞു, ഇനി മടങ്ങിപൊയ്ക്കൊള്ളുക. അങ്ങനെ ഞാൻ മടങ്ങിപ്പോയി. കപൂർത്തലയിലെത്തിയിട്ട് ലാല ഹർചന്ദ്ദാസ് മജ്സ്ട്രേറ്റിന്റെ വീട്ടിൽ പോയി. മജ്സ്ട്രേറ്റിന്റെ കോടതിയിൽ തന്നെയായിരുന്നു ജോലി. ജോലിയിൽ വെച്ചിട്ടുണ്ടോ, പുറത്താക്കിയിട്ടുണ്ടോ, പിഴയുണ്ടോ എന്നൊക്കെ അറിയാനാണ് പോയത്. അങ്ങനെ അദ്ദേഹത്തിന്റെ വീട്ടിലെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, മുൻശീജീ! താങ്കളേ മിർസാ സാഹിബ് വിട്ടിട്ടുണ്ടാകില്ല അല്ലേ? ഇതു തന്നെയാണ് മജിസ്ട്രേറ്റു പറഞ്ഞത്. ഞാൻ പറഞ്ഞു, അതേ വിട്ടില്ല. അപ്പോൾ മജിസ്ട്രേറ്റു സാഹിബ് പറഞ്ഞു: അദ്ദേഹത്തിന്റെ കല്പനയാണ് പ്രഥമഗണനീയം. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: മിയാ അത്വാവുല്ലാഹ് സാഹിബിന്റെ നിവേദനത്തിൽ ഇങ്ങനേയും വന്നിട്ടുണ്ട്. പരേതനായ മുൻശീ സാഹിബ് പറഞ്ഞു:

നമുക്ക് വരാൻ പറ്റുകയില്ല എന്നെഴുതാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞപ്പോൾ ഞാൻ അതേ വാക്കുകൾ എഴുതി മജ്സ്ട്രേറ്റിന് അയച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു. ഇതൊരു സംഘമായിരുന്നു. അവർ സ്നേഹത്തിന്റെ ഉന്നതമായ മാതൃക കാഴ്ചവെച്ചു. നമ്മുടെ കണ്ണുകൾ നമുക്കുമുമ്പേയുള്ള ജമാ അത്തുകളുടെ മുമ്പിൽ താഴെയാകുകയില്ല. നമ്മുടെ ജമാഅത്തിലെ സ്നേഹിതന്മാരിൽ എത്ര ബലഹീനതകളുണ്ടെങ്കിലും എത്ര അശ്രദ്ധയുണ്ടെങ്കിലും മൂസായും മൂസായുടെ സ്വഹാബിമാരും നമ്മുടെ മുമ്പിൽ അവരുടെ മാതൃക സമർപിക്കുകയാണെങ്കിൽ, നമുക്കു അവരുടെ മുമ്പിൽ ഈ സംഘത്തിന്റെ മാതൃക സമർപിക്കാവുന്നതാണ്. ഇപ്രകാരംതന്നെ ഈസാ നബിയുടെ സ്വഹാബാക്കൾ പുനരുത്ഥാനനാളിൽ തങ്ങളുടെ ഉന്നതപ്രവർത്തനം കാഴ്ച്ച വെക്കുകയാണെങ്കിൽ നമുക്കു അഭിമാനത്തോടുകൂടി അവരുടെ മുമ്പിൽ നമുക്കു ഈ സ്വഹാബാക്കളെ സമർപിക്കാൻ കഴിയുന്നതാണ്. റസൂലുല്ലാഹു (സ) പറഞ്ഞു: 'എന്റെ ഉമ്മത്തും മഹ്ദിയുടെ ഉമ്മത്തും തമ്മിലുള്ള വ്യത്യാസമെന്തെന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. യഥാർഥത്തിൽ ഇത്തരക്കാരെക്കുറിച്ചാണ് അപ്പറഞ്ഞത്! ഇക്കൂട്ടർ അബൂബക്കർ (റ) നേയും ഉമർ (റ)നേയും ഉസ്മാനേ(റ)യും അലിയേയും (റ)മറ്റു സ്വഹാബാക്കളേയും പോലെ എല്ലാതരത്തിലുള്ള ത്യാഗങ്ങളും ചെയ്തവരായിരുന്നു. അല്ലാഹുവിന്റെ വഴിയിൽ എല്ലാതരത്തിലുള്ള വിഷമങ്ങളും സഹിക്കാൻ തയ്യാറായി ഇരുന്നവരായിരുന്നു. ഹദ്റത്ത് ഖലീഫ അവ്വൽ (റ) തന്നെ നോക്കുക. അദ്ദേഹത്തിന് അല്ലാഹു ജമാഅത്തിൽ ഒരു ഉന്നതസ്ഥാനം പ്രദാനം ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ അദ്ദേഹത്തിന്റെ പേരെടുക്കാതിരുന്നത്. ഇല്ലെങ്കിൽ അദ്ദേഹത്തിന്റെ ത്യാഗങ്ങളുടെ സംഭവങ്ങളും അത്ഭുതമുളവാക്കുന്നതാണ്. അദ്ദേഹം ഖാദിയാനിൽ വന്നപ്പോൾ, ഭേരയിൽ അദ്ദേഹം പ്രാക്ടീസു ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ചികിത്സാലയം പ്രവർത്തിച്ചിരുന്നു. വിപുലമായ നിലയിൽ പ്രവർത്തിച്ചു വരികയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് മടങ്ങിപ്പോകാൻ അനുവാദം ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞു: 'എവിടെ പോകാനാണ്. ഇവിടെത്തന്നെ താമസിക്കുക.' പിന്നീട് തന്റെ സാധനങ്ങൾ എടുക്കാൻ പോലും അവിടന്ന് ഭേരയിൽ പോയില്ല. വേറെയാളെ അയച്ചാണ് അതെല്ലാം വരുത്തിച്ചത്. ഈ ത്യാഗങ്ങളാണ് ജമാഅത്തുകളെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ മികച്ചതാക്കുന്നത്. ഈ സ്ഥാനം കരസ്ഥമാക്കാനാണ് എല്ലാവരും കഠിനാധ്വാനം ചെയ്യേണ്ടത്. തത്ത്വചിന്താപരമായ വിശ്വാസം മനുഷ്യൻ ഒട്ടും പ്രയോജനപ്പെടുകയില്ല. അനുരക്തിയുടേയും സ്നേഹവായ്പിന്റേയും രുചിയുള്ള ഈമാനാണ് പ്രയോജനപ്പെടുന്നത്. തത്വചിന്തകൻ തന്റെ സ്നേഹത്തെക്കുറിച്ച് എത്ര വാദിച്ചാലും പന്തയത്തിനുള്ള ഒരു തെളിവെന്നല്ലാതെ അതിന് ഒരു പ്രസക്തിയുമുണ്ടാകുകയില്ല. കാരണം അവൻ സത്യത്തെ മനസ്സിന്റെ കണ്ണുകൾ കൊണ്ടല്ല, വെറും ബുദ്ധിയുടെ കണ്ണുകൾകൊണ്ടാണ് കണ്ടിട്ടുണ്ടാകുക. എന്നാൽ ബുദ്ധിയുടെ കണ്ണുകൾ കൊണ്ടല്ലാതെ, മനസ്സിന്റെ ദൃഷ്ടികൾക്കൊണ്ട് അല്ലാഹുവിലേക്ക് വന്നിട്ടുള്ളവൻ, സത്യത്തേയും അല്ലാഹുവിന്റെ ചിഹ്നങ്ങളേയും തിരിച്ചറിയുന്നു. അവനെ ആർക്കും വഞ്ചിക്കാൻ പറ്റുകയില്ല. കാരണം, ബുദ്ധിയുടെ ഭാഗത്തുനിന്ന് ചിന്തകന്റെ കൈ ഉയരുന്നു. മനസ്സിന്റെ ഭാഗത്തുനിന്ന് അനുരക്തിയുടെ കൈ ഉയരുന്നു. അല്ലാഹു നമുക്കു മനസ്സിന്റെ കണ്ണുകൊണ്ട്, കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാനും അതിൽ എപ്പോഴും ഉറച്ചുനില്ക്കാനും തൗഫീഖ് നല്കുമാറാകട്ടെ. എപ്പോഴും അല്ലാഹുവിന്റെ ചിഹ്നങ്ങളെ തിരിച്ചറിയുന്നവരാക്കട്ടെ. ശയ്ത്വാൻ നമ്മെ ഒരിക്കലും വഞ്ചിക്കാതിരിക്കട്ടെ.

ജുമുഅയുടെ അവസാനം ഹുദൂർ അയ്യദഹുല്ലാഹ് ചൗദരി നവാബ് ദീൻ സാഹിബിന്റെ മകൻ മൗലവി ഖുർശിദ് അഹ്മദ് സാഹിബ് പ്രഭാകറിന്റെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുമെന്ന് വിളംബരം ചെയ്യുകയും അദ്ദേഹത്തെ അനുസ്മരിക്കുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്ക് ജമാഅത്തുമായും ഖിലാഫത്തുമായും ബന്ധം വെക്കാൻ എപ്പോഴും തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Baithul Futuh,London – on 31.07.15
Malayalam Translation : Mau.Mohamad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala